**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – സംയോജിത ശിശുവികസന പദ്ധതി – അംഗൻവാടികളിലെ പോഷകാഹാര വിതരണം – വിറക്, പച്ചക്കറി എന്നിവയുടെ വിലയും ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്**

സ.ഉ.(സാധാ)നം. 883/2011/തസ്വഭവ          തിരുവനന്തപുരം, തീയതി: 26-03-2011

പരാമർശം: 1. സ.ഉ.(സാധാ)നം.567/2007/സാ.ക്ഷേ.വ; തീയതി 07.12.2007
2. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 21.02.2011-ലെ ഐ.സി.ഡി.എസ്/എ2-67/11 നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 26.02.2011-ലെ യോഗത്തിലെ 2.65(2)-ാം നമ്പർ തീരുമാനം

## ഉത്തരവ്

അംഗൻവാടികളിൽ നടപ്പാക്കുന്ന പോഷകാഹാര പരിപാടികൾക്ക് ആവശ്യമായ വിറക്, പച്ചക്കറി എന്നിവയുടെ വിലയും ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ നിരക്കും പരാമർശം 1 പ്രകാരം നിശ്ചയിച്ചിരുന്നു. മൂന്ന് വർഷം മുമ്പ് നിശ്ചയിച്ച നിരക്കുകൾ കാലോചിതമായി പരിഷ്ക്കരിക്കണമെന്ന് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. വിറക്, പച്ചക്കറി എന്നിവയുടെ വിലയും ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ നിരക്കും താഴെപ്പറയുന്നതു പ്രകാരം പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവാകുന്നു.

2.1 പ്രീ സ്കൂൾ കുട്ടികൾക്ക് സപ്ലിമെന്ററി ഫീഡിംഗും ഉച്ച ഭക്ഷണവും പാകം ചെയ്തു നൽകുന്നതിന് ഗുണഭോക്താവ് ഒന്നിന് വിറക്, പച്ചക്കറി എന്നിവയുടെ വിലയായി രണ്ട് രൂപ അനുവദിക്കാവുന്നതാണ് (ഒരു രൂപ വിറകിന്; ഒരു രൂപ പച്ചക്കറിക്ക്). ഗ്യാസ് കണക്ഷൻ ഉള്ള അംഗൻവാടികളിൽ സിലിണ്ടറിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ യഥാർത്ഥ ചെലവ് അനുവദിക്കാവുന്നതാണ്. ഗ്യാസ് ഉപയോഗിക്കുന്ന കാലയളവിലേയ്ക്ക് വിറകിന് പ്രത്യേകം തുക നൽകേണ്ടതില്ല.

2.2 സപ്ലിമെന്ററി ഫീഡിംഗ് മാത്രം പാകം ചെയ്തു നൽകുന്ന ഗുണഭോക്താവിന് വിറക്, പച്ചക്കറി എന്നിവയുടെ വിലയായി ഗുണഭോക്താവ് ഒന്നിന് ഒരു രൂപ അനുവദിക്കാവുന്നതാണ്.

2.3 എല്ലാവിധ ഭക്ഷണ സാധനങ്ങളുടെയും ട്രാൻപോർട്ടേഷൻ: 50 പൈസ (ഒരു കിലോയ്ക്ക്) – ഈ നിരക്കിൽ സാധനങ്ങൾ എത്തിക്കുന്നതിന് കഴിയുകയില്ലെങ്കിൽ നിർവഹണ ഉദ്യോഗസ്ഥന് ക്വട്ടേഷൻ ക്ഷണിക്കാവുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ആളുടെ ക്വട്ടേഷന് തദ്ദേശഭരണ സ്ഥാപന സമിതിയുടെ അംഗീകാരം നേടി അപ്രകാരം ചെലവഴിക്കാവുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, സാമൂഹ്യക്ഷേമവകുപ്പ്
8 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
9 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
10 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
11 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12 ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
18 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
20 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
24 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
31 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്